ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിശോധിക്കുന്നതിന് നിയമിച്ച കമ്മിറ്റി

17 (2946) ശ്രീ. ജോസ് ബേബി :
ശ്രീ. പി. നാരായണൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിശോധിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി നിയമിച്ച അനോമലി കമ്മിറ്റിയുടെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ;

(ബി) അനോമലി സംബന്ധിച്ച് എല്ലാ പ്രശ്നങ്ങളിലും ഇതിനകം തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി തീരുമാനം എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശമ്പള പരിഷ്ക്കരണാനന്തരം പൊരുത്തക്കേടുണ്ടെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടിട്ടുള്ള പ്രശ്നങ്ങളിന്മേൽ തീരുമാനമെടുത്തു കൊണ്ടിരിക്കുകയാണ്.

സാമൂഹിക സാമ്പത്തിക സർവ്വേ

18 (2947) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംവഹനശേഷി പഠനത്തിന്റെ ഭാഗമായി സാമൂഹിക സാമ്പത്തിക സർവ്വേ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമായ പഠനമേഖല കണ്ടെത്തിക്കൊണ്ട് കേന്ദ്ര സ്ഥാപനമായ "നീറി" നടത്തിയ പഠന റിപ്പോർട്ടിന്റെ കോപ്പി സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) കേരളത്തിൽ ഏറ്റവും കൂടുതൽ പരിസ്ഥിതി പ്രശ്നങ്ങൾ നേരിടുന്ന മേഖല ഏതാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഭൂജല വായു മലിനീകരണം കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ള സംസ്ഥാനത്തെ പ്രധാനപ്പെട്ട മേഖല കൊച്ചി-ആലുവ പ്രദേശമാണ്.

LIBRARY ARCHIVES Kerala Legislative Assembly